# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2169 06.02.2019 - ൽ മറുപടിയ്ക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ : | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇതര സംസ്ഥാനത്തുള്ള മരുന്ന് കമ്പനി ഫാക്ടറികളിൽ പരിശോധന നടത്താറുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ നിയോഗിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ നിയോഗിക്കുന്ന ഗവൺമെന്റ് ഫാർമസി കോളേജ് അദ്ധ്യാപകരും ഉൾപ്പെട്ട ടീമാണ് പരിശോധന നടത്തുന്നത്. ബിഡർ ഓഫർ ചെയ്യുന്ന മരുന്നുകൾ നിർമ്മിച്ച് നൽകുന്നതിനായുള്ള ശേഷിയും/അടിസ്ഥാന സൗകര്യങ്ങളും ഫാക്ടറിയിൽ ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, റൂൾസ് എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള ജി.എം.പി ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണോ ടി കമ്പനി മരുന്ന് നിർമ്മാണം നടത്തുന്നത് എന്ന കാര്യം വിലയിരുത്തുന്നതിനുമാണ് പരിശോധന നടത്തുന്നത്.<br><br>പരിശോധന റിപ്പോർട്ടിൽ യോഗ്യത നേടുന്ന കമ്പനികളെയാണ് പ്രൈസ് ബിഡ് ഇവാല്യുവേഷനായി പരിഗണിക്കുന്നത്. പുതിയതായി ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികളെയും, നിലവിൽ വിതരണം നടത്തുന്ന കമ്പനികളെയും മൂന്നു വർഷത്തിൽ ഒരിക്കൽ എന്ന തരത്തിലും ഫാക്ടറി പരിശോധന നടത്താറുണ്ട്. കൂടാതെ ഏതെങ്കിലും മരുന്നു നിർമ്മാണ കമ്പനിയെ സംബന്ധിച്ച് പരാതി ലഭിക്കുന്ന സാഹചര്യത്തിലും, ആവശ്യമെന്ന് ബോധ്യപ്പെടുന്നപക്ഷം ഫാക്ടറി പരിശോധന നടത്താറുണ്ട്. |
| ബി) | എങ്കിൽ ഹിമാചൽപ്രദേശിലെ സെലിബ്രിറ്റി ബയോ ഫാർമയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പരിശോധന നടത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | ഒരു തവണ. 2018-19 സാമ്പത്തിക വർഷം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അയൺ ഗുളിക നൽകുന്ന പദ്ധതി പ്രകാരം ക്ഷണിച്ച ഇ-ദർഘാസിലാണ് സെലിബ്രിറ്റി ബയോ ഫാർമ എന്ന മരുന്നു നിർമ്മാണ കമ്പനി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇ-ദർഘാസിൽ |

ആദ്യമായി പങ്കെടുത്തത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവി നിയോഗിച്ച ഗവൺമെന്റ് ഫാർമസി കോളേജ് അദ്ധ്യാപകനും സംസ്ഥാന ഡ്രഗ്ഗ്സ് കൺട്രോളർ നിയോഗിച്ച എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥനും ഉൾപ്പെട്ട ടീമാണ് 27.11.2018 ന് സെലിബ്രിറ്റി ബയോ ഫാർമയിൽ പരിശോധന നടത്തിയത്. പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്പനിയെ അയൺ ഫോളിക് ആസിഡ് ഗുളികകൾക്കുള്ള ദർഘാസിൽ വിതരണക്കാരായി തെരഞ്ഞെടുക്കുകയുണ്ടായി.

| | |
|---|---|
| (സി) ഫാക്ടറികളിൽപ്പോയി ഇത്തരത്തിൽ പരിശോധന നടത്തിയിട്ടും ഗുണനിലവാരമുള്ള മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (സി) ഗുണനിലവാരമുള്ള മരുന്നുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത് |

സെക്ഷൻ ഓഫീസർ